സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുടർ നടപടികൾ ആയിട്ടില്ല.

5. തങ്കശ്ശേരി തുറമുഖ വികസനത്തിനായി ഗുജറാത്ത് അംബുജാ സിമന്റ്സ് കമ്പനിയുമായി ധാരണപത്രം ഒപ്പുവച്ചുകഴിഞ്ഞു. കരട് ബി.ഒ.ടി. എഗ്രിമെന്റ് സർക്കാർ പരിശോധിച്ചുവരുന്നു.

6. വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി കുമാർ ഗ്രൂപ്പ് കമ്പനിയുമായി ധാരണ പത്രം ഒപ്പുവച്ചുകഴിഞ്ഞു. ബി.ഒ.ടി. യുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

186 (2372) ആലപ്പുഴ തുറമുഖം പുനരുദ്ധരിക്കുവാൻ നടപടി

ശ്രീ. എം. മുരളി :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖം പുനരുദ്ധരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇവിടെ കടൽപ്പാലത്തിന്റെയും ഗോഡൗണുകളുടെയും അറ്റകുറ്റപ്പണികൾ നടത്തിയോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഇവിടെ കപ്പലുകൾ വരുന്നതിനും ചരക്കിറക്കുന്നതിനും സഹായകമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു തുടർനടപടിയെടുത്തു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് പത്രപരസ്യം നൽകിയിരുന്നു. സ്വാമി നാരായണൻ ഷിപ്പ് ബ്രേക്കിംഗ് കമ്പനി ഒരു ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വച്ചിരുന്നുവെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ഫെർട്ടിലൈസർ കോർപ്പറേഷൻ ഇന്ത്യ പൊട്ടാഷ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ അവരുടെ ചരക്കുകൾ നീക്കുവാൻ ആലപ്പുഴ തുറമുഖം ഉപയോഗിക്കണമെന്ന നിർദ്ദേശം കേന്ദ്രസർക്കാരിന്റെ മുമ്പിൽ ഉന്നയിച്ചിട്ടുണ്ട്. 23.6.1999-ൽ ഡൽഹിയിൽ വച്ചുനടന്ന മാരിടൈം സ്റ്റേറ്റ്സ് മന്ത്രിമാരുടെ സമ്മേളനത്തിൽ ഇക്കാര്യം ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്ന് കേന്ദ്ര സർഫസ് ട്രാൻസ്പോർട്ട് മന്ത്രി ഉറപ്പു തരുകയുണ്ടായിട്ടുണ്ട്.

(ബി) കടൽപ്പാലത്തിന്റെ ഫൗണ്ടേഷൻ ചട്ടക്കൂട് നിലനിറുത്തുന്നതിലേക്ക് ഡയഗണൽ ടൈസ്, ഹൊറിസോണ്ടൽ ടൈസ് എന്നിവ പിടിപ്പിക്കുന്ന ജോലി നടത്തിവരുന്നു. സ്പാൻ ഗോഡൗണിന്റെ മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾ നിർവഹിച്ചിട്ടുണ്ട്.

(സി)&(ഡി) 'എ' പിരിവിനുള്ള ഉത്തരം ദയവായി കണ്ടാലും.

LIBRARY ARCHIVES Kerala Legislative Assembly